**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1083** **06-10-2021 - ൽ മറുപടിയ്ക്ക്**

**നായരമ്പലം ഗ്രാമപഞ്ചായത്തിലെ ഫിഷ് മാർക്കറ്റിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ നായരമ്പലം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഫിഷ് മാർക്കറ്റിന്റെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ തെരഞ്ഞെടുത്ത മത്സ്യ മാർക്കറ്റുകൾ കിഫ്ബി ധനസഹായത്തോടെ പുനരുദ്ധരിക്കുന്നതിനായി 193.46 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയി രുന്നു. ടി അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നായരമ്പലം മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചതു പ്രകാരം 243.858 ലക്ഷം രൂപയുടെ അനുമതി കിഫ്ബി നൽകി. നിലവിൽ DSR rate revision വന്നതിനാൽ എസ്റ്റിമേറ്റ് പുതുക്കി കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതാണ്. |
| (ബി) | 29.06.2018-ൽ ഫിഷറീസ് വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ളതും കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനെ എസ്.പി.വി. യായി നിയമിച്ചിട്ടുള്ളതുമായ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ സംസ്ഥാനത്തെ വിദ്യാഭ്യാസാ ടിസ്ഥാനസൗകര്യ വികസനത്തിനും മത്സ്യമാർക്കറ്റുകളുടെ നിർമ്മാണത്തിനുമായി കിഫ്ബി. യുടെ ധനസഹായം ലഭ്യമാക്കുന്നതിനായി സർക്കാർ എസ്.പി.വി. യാക്കി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.ആയതിൻറെ അടിസ്ഥാനത്തിൽ ടി പ്രവൃത്തികളുടെ വിശദമായ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും 57 വിദ്യാഭ്യാസാടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് അംഗീകാരം നൽകിയിരുന്നു. ഇതിൽ 48 സ്കൂൾ പ്രവൃത്തികൾ ഏർപ്പാടാക്കിയിട്ടുള്ളതാണ്. സാങ്കേതിക തടസ്സങ്ങളുള്ള ബാക്കി പ്രവൃത്തികൾ ഈ വർഷം ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 51 മത്സ്യമാർക്കറ്റ് നിർമ്മാണ പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിരുന്നു. ഇതിൽ സാങ്കേതിക തടസ്സങ്ങൾ ഇല്ലാത്തവയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.നിലവിൽ DSR rate revision ബാക്കിയുള്ള മത്സ്യമാർക്കറ്റുകളുടെ |

| | | | |
|---|---|---|---|
| | | | എസ്റ്റിമേറ്റ് പുതുക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്ന നടപടികൾ കൈക്കൊണ്ടു വരുന്നു. ആയത് ലഭ്യമാക്കി ടെണ്ടർ ചെയ്യുന്നതാണ്. |
| (സി) | എന്തെല്ലാം നവീകരണ പ്രവൃത്തികളാണ് പ്രസ്തുത പദ്ധതി പ്രകാരം ഫിഷ് മാർക്കറ്റിൽ ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | നായരമ്പലം മത്സ്യമാർക്കറ്റ് നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി 463.32 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഒരു ഇരുനില കെട്ടിടം ആയി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന മത്സ്യമാർക്കറ്റിൽ 16 വിപണന സ്റ്റാളുകൾ, ഒരു ലേല ഹാൾ, ചിൽ റൂം സംവിധാനം, ഓഫീസ് മുറി, ക്വാളിറ്റി കൺട്രോൾ റൂം, ടോയിലറ്റ് സംവിധാനം എന്നിവ ഉണ്ടായിരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ